## സെന്റ്. ആന്റണീസ് എൽ. പി. എസ്സ്
## തില്ലേരി

# അക്കാദമിക മാസ്റ്റർപ്ലാൻ

ST. ANTONY'S L.P. SCHOOL
KOLLAM 691001

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് അന്റണീസ് എൽ. പി. എസ് തില്ലേരി |
| വിലാസം | : | തില്ലേരി |
| പിൻകോഡ് | : | 691001 |
| സ്കൂൾ കോഡ് | : | 41433 |
| വിദ്യാഭ്യാസ ഉപജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| റവന്യൂ ജില്ല | : | കൊല്ലം |
| ബി. ആർ. സി | : | കൊല്ലം |
| സി. ആർ. സി | : | ഗവ: ടി.ടി.ഐ കൊല്ലം |
| കോർപ്പറേഷൻ | : | കൊല്ലം |
| ലോകസഭാമണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | കൊല്ലം |
| ഇ. മെയിൽ | : | thillerylpskollam2016@gmail. |

ST. ANTONY'S L.P. SCHOOL
TILLERY, KOLLAM - 691001

# സ്കൂളിന്റെ ചരിത്രം

കൊല്ലം പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്നതും കൊല്ലം. കോർപ്പറേഷൻ മാനേജ്മെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ St. Antony's LPS Thillery School കൊല്ലം കോർപ്പറേഷൻ ഉദയമാർത്താണ്ഡപുരം ഡിവിഷൻ [വാർഡ് നമ്പർ 45] സ്ഥിതിചെയ്യുന്നു 1936 ൽ സ്കൂൾ സ്ഥാപിതമായി മികച്ച പ്രവർത്തന പാരമ്പര്യവുമായി മുന്നോട്ടു പോകുന്ന ഈ വിദ്യാലയം നിരവധി സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ നിരവധി പ്രതിഭകളെ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട് കുട്ടികളുടെ പഠനനിലവാരത്തിൽ മികച്ച നിലവാരം പുലർത്തുന്നതോടൊപ്പം പാഠ്യേതര വിഷയങ്ങളിലും മികച്ച നിലവാരം പുലർത്തുന്നു

ST. ANTONY'S L.P. SCHOOL
THILLERY, KOLLAM - 691001

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ നമ്മൾ ഉടനെ ട്ട് ഒഴിവാക്കാനാവാത്തവയായ ശേഷികളും ധാരണകളും മനോഭാവങ്ങളും ആർജിച്ച് സമൂഹത്തോട് ഒത്ത് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യം. വ്യക്തികളുടെ വികാസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പരിഷ്കരണം ചെയ്യേണ്ടതുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ, ഭാഷ, വർഗ, വർണ്ണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

# ഉദ്ദേശ്യം

## പ്രവർത്തന ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളുടെയും അക്ഷരശുദ്ധമായ വായന ഉറപ്പാക്കൽ

* അക്ഷരം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

* സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു

* സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* വായനാ തലത്തിലേക്കെത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

# മലയാളം

## ജൂൺ

* ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ.
* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ ഉറപ്പാക്കുന്നു.
* വീട്ടുലൈബ്രറി ഒരുക്കൽ
* ചിത്രവിവരണം
* വായനതലത്തിലെത്തിച്ച് - വ്യത്യസ്തമായ വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## ആഗസ്റ്റ്

* ക്ലാസ്സ് ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ
* ഛൈട്ടിത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ
* പാട്ടരങ്ങ്, യാത്രാവിവരണം, ഭാഷണം, ലേഖനത്തിന് അവസരമൊരുക്കൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാനുള്ള അവസരമൊരുക്കൽ.
* വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കുന്നു.

* എന്റെ വളരുന്ന പുസ്തകം തയ്യാറാക്കൽ

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ. അവസരം ഒരുക്കുന്നു.
* വ്യവഹാരരൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ സ്വീകരിച്ച് ചെയ്യുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ
* അറിയിപ്പുകൾ, പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചുവെന്ന് ഉറപ്പ് വരുത്തൽ.
  (ഭാഷണം, ലേഖനം)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
* എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ

## മാർച്ച്

* വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ
* വീട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# Academic Masterplan

## English

Aim :- To speak, Read, & write English without any mistakes

Time :- June to March

Pretest

To check the vocabulary and writing skills of pupils.

## June & July

- To develop listening skills & reading skills

Listening skills

1. Games, Action songs Helloo English activities
2. Conversation, skit stories use ICT

Speaking skills

1. Identify the naming words from the picture
2. Identify the action words from the same pictures

3. Make simple sentences using the actions ~~co~~ words and naming words about the picture
4. Make simple descriptions about the picture
5. Growing sentence, Picture reading Self introductions Assembly, she also conducted.

## Reading skills

1. Newspaper reading, library book reading, book review, reading breaking news,
2. Find words.
3. collect and read past tense,
4 Rhyming words,
5. Describing words etc
6. Textbook activities

## writing skills

1. Make word web,
2. picture description with describing words
3. word chain sentence chain,
4 Make words of sentence
5. ~~m~~make ~~riddl~~ riddles, conversations

6 Add more lines

Activities

1. Speech
2. book review
3. Quiz riddles,
4. Self introduction.
5. School radio
6. Make description
7. Magazines, etc

## October and November

To express thoughts feelings etc

Reading skills

1. News paper reading, library book reading, book review, reading
2. Conversation, skit, stories use ICT Materials
3. Reads breaking news
4. Develop story

writing skills

1. make word web

writing skills

1. Description
2. Notice proclamation
3. Thought

Activities - speech, quiz riddles, school radio, makes magazines, skits etc

## December & January

1. Developing the creative speaking and writing
2. To express thoughts feelings etc

Reading skills

1. News paper reading, library books reading, book review, reading
2. conversation, skit, stories, use ICT materials
3. Reading breaking news
4. Developing story
5 Reads diary
6. Reads letters from friends

writing skills

1. Diary
2. letter

3. Announcement

Activities - Speech, Quiz riddles, school radio, makes magazines, skits, classroom post office etc

# Febrauary & march

To improve the presentation power

Reading skills

1. News paper reading, library books reading book review, reading
2. Conversations, skit stories and ICT materials
3. Reads breaking news
4. Develop story
5. Reads Diary
6. Reads letters from friends

writing skills

1. Diary
2. letter
3. Announcement
4. Description
5. Notice proclamation.

6. Thoughts

Activities - speech quiz riddles, school radio, makes magazines, skits, class room post office, Exibitions etc

ക്ലാസ്സ് : LP  വിഷയം – ഗണിതം

ലക്ഷ്യം :- 1 മുതൽ 4 വരെ ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷി ഉറപ്പിക്കുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>* സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>* കിട്ടിയ സംഖ്യ വായിക്കാം.<br>* മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>* സംഖ്യ നറുക്ക് എടുക്കുന്നു.<br>* കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് കിട്ടിയ 10 സംഖ്യകൾ എഴുതാൻ അവസരം നൽകുന്നു. |
| 3. | ജൂൺ – സെപ്തംബർ | പാറ്റേൺ പൂർത്തിയാക്കാം<br>* വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ |
| 4. | ജൂൺ – ആഗസ്റ്റ് | ക്രമത്തിലാക്കാം.<br>* വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>* ആരോഹണക്രമം, അവരോഹണക്രമം എഴുതുക. |

ലക്ഷ്യം -2 ഒന്നാം ക്ലാസ്സിലെ കുട്ടികൾ കൂട്ടിക്കലും ഒന്നക്ക/രണ്ടക്ക സംഖ്യകളുടെ വിശ്ലേഷ-ണത്തിലൂടെ കഴിവ് ഉറപ്പിക്കൽ.

| Sl.No | മാസം | പ്രവർത്തനം |
| --- | --- | --- |
| 1 | ജൂൺ | കൂട്ടിക്കളിക്കാം.<br>* ഇഷ്ടമുള്ള രണ്ട് ഒന്നക്ക സംഖ്യ എഴുതാം.<br>* കളിനോട്ട്, ചീട്ട് ഉപ-യോഗിച്ച് 1,10,100,1000ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2 | ജൂൺ 2 ആഴ്ച | സംഖ്യാസദ്യ<br>* ഓരോ കുട്ടിയും ഒരു ഒന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>* ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3. | ജൂൺ-സെപ്റ്റംബർ | ക്രമീകരിക്കാം<br>* സംഖ്യകളെ അവരോഹണത്തിൽ ക്രമീകരിക്കാം.<br>* അറിവിന്റെ ഗ്രിഡ്കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

ലക്ഷ്യം : 3 ഒന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl.No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം.<br>* അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>* വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>* ക്രിയ ചെയ്യാം.<br>* ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തൽ. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡി കണ്ടെത്താം.<br>* വിവിധ ക്രിയകൾ അടങ്ങിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.<br>* കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു. |
| 1 | ജൂലൈ - മാർച്ച് | സംഖ്യാചക്രം<br>* സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തിരഞ്ഞെടുക്കുന്നു.<br>* അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, |

# ദർശനം

"
കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അവനവന്റെ തലങ്ങളിലുള്ള പഠനങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി. അന്താരാഷ്ട്രമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും വികസ്വര പഠനരീതികളും സംജാതമാകുന്നു.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അവനവന്റെ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ നൽകുക.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.